**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2729** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികൾ ആയുഷ് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24.07.2019-ന് ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ പൂർണമായി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളിൽ ആയുഷ് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24.07.2019-ന് ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ പൂർണമായി നടപ്പാക്കിയിട്ടില്ല. പ്രസ്തുത മീറ്റിംഗിന്റെ നടപടിക്കുറിപ്പിലെ നിർദ്ദേശാനുസരണം 29 ഹോമിയോ ഹെൽത്ത് സെന്ററുകളിലേക്ക് ആവശ്യമായ 116 തസ്തിക സൃഷ്ടിക്കുന്നതിനും, തസ്തിക സൃഷ്ടിക്കുന്നതുവരെയുള്ള തുടർപ്രവർത്തനങ്ങൾക്കുള്ള തുക പട്ടികജാതി വികസനവകുപ്പിൽ നിന്നും വഹിക്കുന്നതിനുമാണ് തീരുമാനമായിരുന്നത്. അതിൻ പ്രകാരം 29 ഹോമിയോ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കുള്ള തുക പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകി വരുന്നുണ്ട്. ഹോമിയോ ഹെൽത്ത് സെന്ററുകളുടെ 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് 3.52 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവാകുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2.53 കോടി രൂപ ഹോമിയോ ഡെപ്യൂട്ടി ഡയറക്ടർക്ക് ഇതുവരെ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 116 തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത ഹോമിയോ ഹെൽത്ത് ഡിസ്പെൻസറികളിലേക്ക് സ്ഥിരം തസ്തികകൾ അനുവദിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളിൽ ആയുഷ് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24.07.2019-ന് ചേർന്ന |

| | | | |
|---|---|---|---|
| | | | യോഗത്തിൽ എടുത്ത തീരുമാനങ്ങൾ പൂർണമായി നടപ്പാക്കിയിട്ടില്ല. പ്രസ്തുത മീറ്റിംഗിന്റെ നടപടിക്കുറിപ്പിലെ നിർദ്ദേശാനുസരണം 29 ഹോമിയോ ഹെൽത്ത് സെന്ററുകളിലേക്ക് ആവശ്യമായ 116 തസ്തിക സൃഷ്ടിക്കുന്നതിനും, തസ്തിക സൃഷ്ടിക്കുന്നതുവരെയുള്ള തുടർപ്രവർത്തനങ്ങൾക്കുള്ള തുക പട്ടികജാതി വികസനവകുപ്പിൽ നിന്നും വഹിക്കുന്നതിനുമാണ് തീരുമാനമായിരുന്നത്. അതിൻ പ്രകാരം 29 ഹോമിയോ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കുള്ള തുക പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകി വരുന്നുണ്ട്. ഹോമിയോ ഹെൽത്ത് സെന്ററുകളുടെ 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് 3.52 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവാകുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2.53 കോടി രൂപ ഹോമിയോ ഡെപ്യൂട്ടി ഡയറക്ടർക്ക് ഇതുവരെ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 116 തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ